compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2023 മാർച്ച് 21
**Tuesday, 21st March 2023**

1198 മീനം 7
**7th Meenam 1198**

1944 ഫാൽഗുനം 30
**30th Phalguna 1944**

വാല്യം 12
**Vol. XII**

നമ്പർ / **No.** 12

## Part III

## Muncipal Administration

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അങ്കമാലി നഗരസഭ**

ഫോറം-II

[ചട്ടം-16 (1) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9-ാം ആക്ട്)-ലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം അങ്കമാലി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോട് കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

നമ്പർ പി.ഡബ്ല്യു 2-8590/2021. 2023 മാർച്ച് 13.

നഗര പ്രദേശങ്ങളുടെ വികസനത്തിന് മാർഗ്ഗ നിർദ്ദേശം നൽകേണ്ടതിന്റെ ആവശ്യകതയും അടിയന്തിരതയും മനസിലാക്കി അങ്കമാലി മുനിസിപ്പാലിറ്റി പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് മുഖേന 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം അങ്കമാലി മുനിസിപ്പാലിറ്റി താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടു കൂടി സ്വീകരിക്കുവാൻ 10-8-2022-ാം തീയതിയിൽ നടന്ന യോഗത്തിലെ 21 (1)-ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

വടക്ക് : കറുകുറ്റി ഗ്രാമ പഞ്ചായത്ത്

കിഴക്ക് : തുറവൂർ ഗ്രാമ പഞ്ചായത്ത്, കാലടി ഗ്രാമ പഞ്ചായത്ത്, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

തെക്ക് : നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്, ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്

പടിഞ്ഞാറ് : പാറക്കടവ് ഗ്രാമ പഞ്ചായത്ത്

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി

2040.26 ഹെക്ടർ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി.

(ഒപ്പ്)
ചെയർമാൻ.

മുനിസിപ്പൽ ആഫീസ്,
അങ്കമാലി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.03.21 03:44:18 +05:30